"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ശ്രീമതി. ജമീല പി.എസ്, പാർട്ട് ടൈം സ്വീപ്പർ, കുടുംബാരോഗ്യ കേന്ദ്രം, ആലക്കോട്, ഇടുക്കി - പ്രത്യേക അവശതാ അവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.1982/2026/H&FWD തീയതി,തിരുവനന്തപുരം, 10-06-2026

---

പരാമർശം:-

1. ശ്രീമതി. ജമീല. പി.എസ് സമർപ്പിച്ച 29.02.2024 തീയതിയിലെ അവധി അപേക്ഷ.
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 30.12.2025 തീയതിയിലെ ഡി.എച്ച്.എസ്/11423/2025-ഇഎഫ്5 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഇടുക്കി ജില്ലയിലെ ആലക്കോട് കുടുംബാരോഗ്യ കേന്ദ്രത്തിലെ പാർട്ട് ടൈം സ്വീപ്പർ ശ്രീമതി. ജമീല. പി.എസ്, 28.02.2024- ന് ആശുപത്രി പരിസരം വൃത്തിയാക്കുന്നതിനിടയിൽ പാമ്പിനെ കണ്ടു ഭയന്ന് ഓടി വീഴുകയും വലതു കൈയ്ക്ക് പരിക്കേറ്റ് പ്ലാസ്റ്റർ ഇടുകയും ഡോക്ടറുടെ നിർദ്ദേശാനുസരണം ഒരു മാസം അവധിയിൽ പ്രവേശിക്കുകയും ചെയ്തതിനാൽ 29.02.2024 മുതൽ 29.03.2024 വരെയുള്ള 30 ദിവസ കാലയളവിന് പ്രത്യേക അവശതാ അവധി അനുവദിക്കുന്നതിനായി സമർപ്പിച്ച സൂചന (1) അപേക്ഷ പരാമർശം (2) കത്ത് പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിരുന്നു. ശ്രീമതി. ജമീല. പി.എസ് അവധി കഴിഞ്ഞ് 30.03.2024-ന് ജോലിയിൽ തിരികെ പ്രവേശിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇടുക്കി ജില്ലയിലെ ആലക്കോട് കുടുംബാരോഗ്യ കേന്ദ്രത്തിലെ പാർട്ട് ടൈം സ്വീപ്പർ, ശ്രീമതി. ജമീല പി.എസ്.-ന് 29.02.2024 മുതൽ 29.03.2024 വരെയുള്ള 30 ദിവസത്തേക്ക് പ്രത്യേക അവശതാ അവധി അനുവദിച്ച് കെ. എസ്. ആർ. ഭാഗം I, ചട്ടം 98 പ്രകാരമുള്ള പ്രത്യേക അവശതാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജി സി എൻ
അണ്ടർ സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ, ഇടുക്കി.
മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യ കേന്ദ്രം, ആലക്കോട്, ഇടുക്കി.

ശ്രീമതി. ജമീല പി.എസ്, പാർട്ട് ടൈം സ്വീപ്പർ, കുടുംബാരോഗ്യ കേന്ദ്രം, ആലക്കോട്, ഇടുക്കി.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.

വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (F2/131/2026-HEALTH ഫയലിലേയ്ക്ക്).

ഉത്തരവിൻ പ്രകാരം

Signed by
Vilasini K V
Date: 10-06-2026 17:03:57

സെക്ഷൻ ഓഫീസർ